**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269** **10-10-2024 - ൽ മറുപടിയ്ക്ക്**

**ആനങ്ങാടി റയിൽവേ ക്രോസിന് കുറുകെ റെയിൽവെ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ-കടലുണ്ടി പാതയിൽ തീരദേശ ഭാഗത്ത് നിന്നും കാലിക്കറ്റ് സർവ്വകലാശാലയിലേക്കും നാഷണൽ ഹൈവേ 66-ലേക്കും കാലിക്കറ്റ് എയർപോർട്ടിലേക്കും എത്താവുന്ന പരപ്പനങ്ങാടി നിരത്ത് സെക്ഷന് കീഴിലെ കടലുണ്ടി-ചെട്ടിയാർമാട് റോഡിലെ ഗതാഗത കുരുക്ക് ഒഴിവാക്കാൻ ആനങ്ങാടി റെയിൽവേ ക്രോസിന് കുറുകെ റെയിൽവെ മേൽപ്പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ആനങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണം 2018-19-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി ആണ് ഉൾപ്പെടുത്തിയിരുന്നത്. മേൽപ്പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വള്ളിക്കുന്ന് എം.എൽ.എ. ശ്രീ.അബ്ദുൽ ഹമീദ് പി. കത്ത് നൽകിയിരുന്നു. എന്നാൽ ബഡ്ജറ്റിൽ പ്രവൃത്തിക്ക് ടോക്കൺ പ്രൊവിഷൻ മാത്രമുള്ളതിനാൽ ഈ ആവശ്യം തൽക്കാലം പരിഗണിക്കാൻ കഴിയുകയില്ലെന്ന് അറിയിക്കുകയുണ്ടായി. ആനങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനാവശ്യമായ ഭരണാനുമതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വള്ളിക്കുന്ന് എം.എൽ.എ.യുടെ 27.07.2024-ലെ കത്ത് റിപ്പോർട്ട് ആവശ്യപ്പെട്ട് നിരത്തുകൾ ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുള്ളതും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഈ വിഷയം CEPWD/16858/2024/DB3(PL)-RD നമ്പർ (ഫയലിന്റെ പകർപ്പ് ലഭ്യമായിട്ടില്ല) ഫയലിൽ കൈകാര്യം ചെയ്തുവരുന്നതുമാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ച നടപടികളുടെ ഫയൽ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | പിരിവ് എ യിലെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ